**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1131** — **11.07.2011- ൽ മറുപടിക്ക്**

## കടാശ്വാസ കമ്മീഷൻ

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി.എൻ. പ്രതാപൻ :

എ) കടക്കെണിയിലായ കർഷകർക്ക് കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത് അനുവദിച്ച തുക വിതരണം ചെയ്തിട്ടുണ്ടോ ;

ബി) എത്ര കോടി രൂപയാണ് വിതരണം ചെയ്യാനുള്ളത് ;

സി) സംസ്ഥാനത്ത് ആയിരക്കണക്കിന് കർഷകർ വിഹിതം അടച്ചിട്ടും പ്രമാണം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ ;

ഡി) കൃഷിനാശം സംഭവിച്ച് ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാതെ വന്ന എത്ര അപേക്ഷകളാണ് കടാശ്വാസ കമ്മീഷന്റെ മുന്നിലെത്തിയത്

(ഇ) ഇവരുടെ കടം എഴുതി തള്ളാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ?

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) & (ബി) 2008-09 സാമ്പത്തിക വർഷം മുതലാണ് കർഷകർക്ക് കടാശ്വാസ കമ്മീഷൻ ശുപാർശയോടെ തുക വിതരണം തുടങ്ങിയത്. ഇതുവരെ കമ്മീഷൻ ശിപാർശ ചെയ്തത് അനുസരിച്ച് അനുവദിച്ച 62.475 കോടി രൂപയിൽ 48.068 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 14.407 കോടി രൂപ ഇനി വിതരണം ചെയ്യാനുണ്ട്.

(സി) ഉണ്ട്.
കർഷക കടാശ്വാസ കമ്മീഷൻ അവാർഡിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം കർഷകന്റെ വിഹിതം അടയ്ക്കുന്നതോടൊപ്പം സർക്കാർ ഏറ്റെടുത്ത ബാദ്ധ്യത കൂടി സംഘത്തിന് ലഭ്യമായ ശേഷമാണ് വായ്പാ കണക്ക് അവസാനിപ്പിച്ച് പ്രമാണങ്ങൾ വായ്പക്കാർക്ക് തിരികെ നൽകുന്നത്.

(ഡി) & (ഇ) അപേക്ഷ നൽകുന്നതിനുള്ള സമയപരിധിയായ 31.05.2009 വരെ ആകെ 4,10,549 അപേക്ഷകൾ കടാശ്വാസ കമ്മീഷന് ലഭിച്ചിട്ടുണ്ട്. ഇതിൽ 31.03.2011 വരെ 1,71,407 അപേക്ഷകൾ കമ്മീഷൻ തീർപ്പാക്കിയിട്ടുണ്ട്. ബാക്കി അപേക്ഷകളിന്മേൽ കടാശ്വാസത്തിന് ശുപാർശ ചെയ്യുന്ന നടപടികൾ കമ്മീഷനിൽ ദ്രുതഗതിയിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ